**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി **KIIFCON Pvt. Ltd.** നെ നിയമിച്ചും, **SPV** രൂപീകരിക്കുന്നത് വരെ **CEO** ആയി എറണാകുളം ജില്ലാ കളക്ടറെ നിയമിച്ചും പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**70/2024/LSGD** തീയതി,തിരുവനന്തപുരം, **19-06-2024**

---

പരാമർശം:-

1. **15.08.2022** ലെ **G.O (Ms) No. 186/2022/LSGD** നമ്പർ ഉത്തരവ്
2. **01.08.2022** ലെ **G.O (Ms) No.135/2022/FIN** നമ്പർ ഉത്തരവ്
3. **05.12.2022** ൽ **G.O (Ms)** നമ്പർ **266/2022/LSGD** നമ്പർ ഉത്തരവ്

**ഉത്തരവ്**

"കൊച്ചിയിലെ സുസ്ഥിര നഗര പുനർ നിർമാണ പദ്ധതി" നടപ്പിലാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ ഉത്തരവിൽ, മറ്റു തീരുമാനങ്ങൾക്കൊപ്പം ഈ പദ്ധതിയുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി ഒരു ജനറൽ ബോഡിയും പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിക്കുന്നതിനും പദ്ധതിയുടെ മേൽനോട്ടത്തിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനും പദ്ധതിയുടെ ജനറൽ കൺസൾട്ടന്റ് ആയി കിഫ്ബി **(KIIFB)** കൺസൾട്ടൻസി വിഭാഗത്തെ നിയോഗിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിരുന്നു.

**2.** പരാമർശം **(2)** ഉത്തരവ് പ്രകാരം, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻ്റ് ഫണ്ട് ബോർഡിന്റെ **(KIIFB)** പൂർണ ഉടമസ്ഥതയിലും തുടർന്ന് കമ്പനി ഡയറക്ടർ ബോർഡ് തീരുമാനം കൈക്കൊള്ളുന്ന മുറക്ക് പേരെടുത്ത

കമ്പനികൾക്കു 51% വരെ നിക്ഷേപം വിറ്റൊഴിക്കൽ നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടും, M/s KIIFCON Pvt. Ltd. എന്ന പേരിൽ ഒരു സ്വകാര്യ കമ്പനി രൂപീകരിക്കുകയുണ്ടായി. അതോടൊപ്പം നഗരവികസനം പോലുള്ള വിവിധ അടിസ്ഥാന സൗകര്യ മേഖലകളിലും അനുബന്ധ സാങ്കേതികവിദ്യകളിലും ഇന്ത്യയിലും വിദേശത്തുമുള്ള കൺസൾട്ടൻസി സേവനങ്ങൾ M/s KIIFCON Pvt. Ltd. -ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായി ടി സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതുമാണ്.

3. പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ അതിവേഗം പുരോഗമിക്കുന്നു എന്ന വസ്തുത കൂടി കണക്കിലെടുത്ത് "കൊച്ചിയിലെ സുസ്ഥിര നഗര പുനർ നിർമാണ പദ്ധതി" യുടെ ജനറൽ കൺസൾട്ടന്റ് ആയി M/s KIIFCON Pvt. Ltd. നെ നിയോഗിച്ചു കൊണ്ടും, ഈ പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നത് വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിക്കുന്നതിനു എറണാകുളം ജില്ലാ കളക്ടറെ നിയമിച്ചു കൊണ്ടും, തദ്ദേശ സ്വയംഭരണ വകുപ്പ് പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4. ടി സാഹചര്യത്തിൽ, "കൊച്ചിയിലെ സുസ്ഥിര നഗര പുനർ നിർമാണ പദ്ധതി" യുടെ ജനറൽ കൺസൾട്ടന്റ് ആയി KIIFCON Pvt. Ltd. നെ നിയോഗിച്ചും ഈ പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നത് വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിക്കുന്നതിനു എറണാകുളം ജില്ലാ കളക്ടറെ നിയമിച്ചും പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
2. കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ ജനറൽ ബോഡിയിലെ എല്ലാ അംഗങ്ങൾക്കും (കിഫ്ബി CEO മുഖേന)

3. കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും (കിഫ്ബി CEO മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. പൊതുഭരണ (എസ്.സി) വകുപ്പ്
7. ഡയറക്ടർ, ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 19-06-2024 15:40:00

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്